"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

പൊതുവിദ്യാഭ്യാസ വകുപ്പ് - എയ്ഡഡ് - ഹയർ സെക്കണ്ടറി - ആലപ്പുഴ, നെടുമുടി, നായർ സമാജം എച്ച്.എസ്.എസ്-ലെ റിട്ട. പ്രിൻസിപ്പാൾ ശ്രീമതി.ഷൈലജ.ബി സർക്കാരിൽ സമർപ്പിച്ച റിവിഷൻ പെറ്റീഷൻ തീർപ്പാക്കിയും ടിയാരി ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) 336/2021 നമ്പർ കേസിലെ വിധിന്യായം നടപ്പിലാക്കിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

പൊതു വിദ്യാഭ്യാസ (ഇ) വകുപ്പ്

സ.ഉ.(സാധാ) നം.219/2022/പൊ.വി.വ തീയതി,തിരുവനന്തപുരം, 11/01/2022

പരാമർശം:-
1) ശ്രീമതി.ഷൈലജ.ബി സർക്കാരിൽ സമർപ്പിച്ച 01/01/2021 ലെ റിവിഷൻ പെറ്റീഷൻ
2) WP(C)336/2021 നമ്പർ കേസിലെ 06/01/2021 ലെ വിധിന്യായം
3) പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 23/03/2021 തീയതിയിലെ എസിഡി എ3/121192/2018/എച്ച്.എസ്.ഇ നമ്പർ കത്ത്

ഉത്തരവ്

ആലപ്പുഴ, നെടുമുടി, നായർ സമാജം എച്ച്.എസ്.എസ്-ലെ റിട്ട. പ്രിൻസിപ്പാൾ ശ്രീമതി.ഷൈലജ.ബി, തനിക്ക് പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കണമെന്നും മറ്റും ആവശ്യപ്പെട്ട് പരാമർശം(1) പ്രകാരം സർക്കാരിൽ റിവിഷൻ ഹർജി സമർപ്പിക്കുകയും തുടർന്ന് ഇക്കാര്യത്തിൽ നടപടി ആവശ്യപ്പെട്ട് ബഹു.ഹൈക്കോടതിയിൽ WP(C)336/2021 പ്രകാരം കേസ് ഫയൽ ചെയ്യുകയും ചെയ്തു. പ്രസ്തുത കേസ് പരിഗണിച്ച ബഹു.കോടതി, വിധിപ്പകർപ്പ് ലഭിച്ച് മൂന്ന് മാസത്തിനുള്ളിൽ പരാതിക്കാരിക്കും മാനേജർക്കും ഹിയറിംഗിന് അവസരം നൽകി പരാമർശം(1) റിവിഷൻ ഹർജി (Ext.P13) തീർപ്പാക്കണമെന്ന് പരാമർശം (2) പ്രകാരം വിധിന്യായം പുറപ്പെടുവിച്ചു. പ്രസ്തുത വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ പരാതിക്കാരിയ്ക്കും ബന്ധപ്പെട്ട മറ്റ് കക്ഷികൾക്കും ഹിയറിംഗിന് അവസരം നൽകി.

2. പരാതിക്കാരിയുടെ വാദങ്ങൾ ചുവടെ ചേർത്തിട്ടുള്ള പ്രകാരം രേഖപ്പെടുത്തി:-

i) ഹർജിക്കാരിയെ 27.08.1998 മുതൽ എച്ച്.എസ്.എസ്.ടി (ജൂനിയർ) ഹിന്ദി ആയി ഒരു റെഗുലർ ഒഴിവിൽ നിയമിച്ചു. ടി നിയമനം ഹയർ സെക്കന്ററി ഡയറക്ടർ അംഗീകരിക്കുകയുമുണ്ടായി. പരാതിക്കാരിയെ 15.07.1999 മുതൽ എച്ച്.എസ്.എസ്.ടി ഹിന്ദി ആയി ഒരു റെഗുലർ ഒഴിവിൽ നിയമിച്ചു. ടി നിയമനം ഹയർ സെക്കന്ററി ഡയറക്ടർ അംഗീകരിക്കുകയുമുണ്ടായി. 08.10.2010 ൽ പരാതിക്കാരിയെ പ്രിൻസിപ്പൽ ആയി നിയമിക്കുകയും ടി നിയമനവും ഹയർസെക്കന്ററി റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ അംഗീകരിക്കുകയുമുണ്ടായി.

ii) പരാതിക്കാരി 31.03.2020 ൽ റിട്ടയർ ചെയ്തു. പക്ഷെ പെൻഷനു ശേഷം ഒരു വർഷം കഴിയാറായിട്ടും പെൻഷൻ ആനുകൂല്യങ്ങളൊന്നും ഇതേവരെ ലഭിച്ചിട്ടില്ല. 01.10.2018 മുതലുള്ള ഇൻക്രിമെന്റും ലഭിച്ചിട്ടില്ലെന്ന് മാത്രമല്ല പ്രിൻസിപ്പൽ തസ്തികയിൽ നിന്നും പരാതിക്കാരിയെ റിവേർട്ട് ചെയ്യണമെന്നും രണ്ടാം ഇൻക്രിമെന്റ് മുതൽ ഏഴാം ഇൻക്രിമെന്റ് വരെ വാങ്ങിയതെല്ലാം തിരികെ അടക്കണമെന്നും

ഉത്തരവായിരിക്കുന്നു.

iii) പരാതിക്കാരിയുടെ നിരീക്ഷണകാലം 08.10.2012 ൽ തൃപ്തികരമായി പൂർത്തിയാക്കിയതായി മാനേജർ പ്രഖ്യാപിക്കുകയുമുണ്ടായി. നിരീക്ഷണകാലം 08.10.2012 ൽ തൃപ്തികരമായി പൂർത്തിയാക്കിയതായി പ്രഖ്യാപിച്ചതിനാൽ പരാതിക്കാരിക്ക് 08.10.2012 മുതൽ രണ്ടാമത്തെ ഇൻക്രിമെന്റും കോട്ടയം ആർ.ഡി.ഡി. അനുവദിച്ചു തന്നു. 2014 പേ റിവിഷൻ ഉത്തരവു പ്രകാരമുള്ള ശമ്പള നിർണ്ണയവും 01.07.2014 മുതൽ അനുവദിച്ചു തന്നു. 01.10.2016 മുതലുള്ള ഇൻക്രിമെന്റും അനുവദിച്ചു തന്നു. 01.10.2017 മുതൽ Rs.75,600/- ആയുള്ള ഇൻക്രിമെന്റും അനുവദിച്ചു തന്നു. 01.10.2018 മുതലുള്ള ഇൻക്രിമെന്റിനു വേണ്ടി അപേക്ഷ സമർപ്പിച്ചപ്പോൾ തനിക്കതിന് അർഹതയില്ലെന്നും വകുപ്പുതല പരീക്ഷ പാസ്സാവാതെ പ്രൊബേഷൻ പ്രഖ്യാപിക്കാത്തതു തെറ്റായിരുന്നു എന്നും പറഞ്ഞു മടക്കി. എന്നാൽ ഏഴാമത്തെ ഇൻക്രിമെന്റ് വരെ അനുവദിക്കുന്നതിന് യാതൊരു തടസ്സവും ഇല്ലായിരുന്നു. 30.12.2019 ൽ തന്നെ പെൻഷൻ അപേക്ഷ പ്രിസത്തിലൂടെ സമർപ്പിച്ചു. എന്നാൽ ഇതേവരെ പെൻഷൻ നൽകാൻ യാതൊരു നടപടികളെയും സ്വീകരിച്ചിട്ടില്ല.

iv) വിരമിക്കുന്ന ദിവസം തന്നെ പെൻഷൻ നൽകുമെന്ന സർക്കാരിന്റെ പ്രഖ്യാപിത പോളിസി പ്രകാരം പെൻഷൻ നൽകാനുള്ള ബാധ്യത എത്രകൊണ്ടോ റീജിയണൽ ഡയറക്ടർ നിറവേറ്റാൻ തയ്യാറായിട്ടില്ല. ഡയറക്ടറുടെ 19.10.2020 ലെ കത്ത് പ്രകാരം പ്രൊബേഷൻ വകുപ്പുതല പരീക്ഷകൾ പാസ്സാവാതെ മാനേജർ പ്രഖ്യാപിച്ചത് തെറ്റായിരുന്നതിനാൽ പരാതിക്കാരിയെ റിവേർട്ട് ചെയ്യാനും പരാതിക്കാരി അധികമായി വാങ്ങിയ തുകകൾ തിരികെ അടക്കാനും ഉത്തരവായി. എന്നാൽ പരാതിക്കാരി ഈ സമയം റിട്ടയർ ചെയ്തു കഴിഞ്ഞിരുന്നു. ഡയറക്ടറുടെ 19.10.2020 ലെ കത്തിലെ താൽപര്യപ്രകാരം ചെങ്ങന്നൂർ ആർ.ഡി.ഡി 11.11.2020 ലെ കത്തു പ്രകാരം പ്രൊബേഷൻ വകുപ്പുതല പരീക്ഷകൾ പാസ്സാവാതെ മാനേജർ പ്രഖ്യാപിച്ചത് തെറ്റായിരുന്നതിനാൽ പരാതിക്കാരിയെ റിവേർട്ട് ചെയ്യാനും പരാതിക്കാരി അധികമായി വാങ്ങിയ തുകകൾ തിരികെ അടക്കാനും മാനേജരോട് നിർദ്ദേശിച്ചു ഉത്തരവായി.

v) ഡയറക്ടറുടെ എക്സിബിറ്റ് പി9 ഉത്തരവ് ശരിയല്ല. കാരണം എൽ.പി./യു.പി പ്രഥമാദ്ധ്യാപകർക്കു കെ.ഇ.ആർ അദ്ധ്യായം 14 A ചട്ടം 45BB (4) പ്രകാരവും ഹൈസ്കൂൾ പ്രഥമാദ്ധ്യാപകർക്കു ചട്ടം 44 എ(1) പ്രകാരവും ഗവൺമെന്റ് മേഖലകളിലെ ഹയർ സെക്കന്ററി പ്രിൻസിപ്പൽമാർക്ക് KS & SSR Part II ചട്ടം 13 B പ്രകാരവും 50 വയസ്സായാൽ വകുപ്പുതല പരീക്ഷകളിൽ നിന്നും ഇളവനുവദിക്കുന്നുണ്ട്. എയ്ഡഡ് മേഖലകളിലെ ഹയർ സെക്കന്ററി പ്രിൻസിപ്പൽമാർക്ക് മാത്രം ഈ ആനുകൂല്യം നിഷേധിക്കുന്നത് നീതികരിക്കത്തക്കതല്ല.

vi) ആയതിനാൽ തനിക്ക് 50 വയസ്സ് കഴിഞ്ഞതിനാൽ വകുപ്പുതല പരീക്ഷകൾ പാസ്സാവുന്നതിൽ നിന്നും ഇളവ് അനുവദിക്കണമെന്നും പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കണമെന്നും ഏഴാം ഇൻക്രിമെന്റുകൾ വരെ അനുവദിച്ചത് അംഗീകരിക്കണമെന്നും റിക്കവറി ഉത്തരവ് റദ്ദു ചെയ്യണമെന്നും 01.10.2018 മുതലുള്ള ഇൻക്രിമെന്റ് അനുവദിക്കണമെന്നും ഹർജിക്കാരി അപേക്ഷിച്ചിരിക്കുന്നു.

3. സ്കൂൾ മാനേജർ സമർപ്പിച്ച ന്യായവാദപത്രിക പ്രകാരം,

i) 08.10.2010 ൽ ശ്രീമതി ബി. ഷൈലജയെ പ്രിൻസിപ്പലായി നിയമിച്ചു. രണ്ടു വർഷം നീളുന്ന പ്രൊബേഷനറി കാലത്ത് സർവ്വീസ് ടെസ്റ്റുകൾ പാസായി എന്ന് പറഞ്ഞതു വിശ്വസിച്ച് 08.10.2012 ൽ മാനേജർ പ്രൊബേഷൻ വിജയകരമായി പൂർത്തിയാക്കി എന്നു പ്രഖ്യാപിച്ച് സർവ്വീസ് ബുക്കിൽ രേഖപ്പെടുത്തി നൽകി. തുടർന്ന് റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ ശ്രീമതി. ബി. ഷൈലജയ്ക്ക് പ്രിൻസിപ്പൽ ഇൻക്രിമെന്റും മറ്റു ആനുകൂല്യങ്ങളും നൽകുകയുണ്ടായി. എന്നാൽ പ്രസ്തുത സർട്ടിഫിക്കറ്റുകൾ പരിശോധിച്ചിരുന്നില്ല എന്നൊരു വീഴ്ച മാനേജ്മെന്റിനു ഇക്കാര്യത്തിൽ സംഭവിച്ചിരുന്നു. 2017 ൽ നടന്ന പരിശോധനയിൽ മാത്രമാണ് ശ്രീമതി. ബി. ഷൈലജ സർവ്വീസ് ടെസ്റ്റുകൾ പാസായിരുന്നില്ല എന്നു കണ്ടെത്തുന്നത്. ഇക്കാര്യങ്ങൾ അറിയിച്ചുകൊണ്ട് റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിൽ നിന്ന് 06.11.2017 ൽ അയച്ച കത്തിനുള്ള മറുപടിയായി ഇക്കാര്യത്തിൽ

സംഭവിച്ച വീഴ്ചകൾ സമ്മതിച്ച് തുടർനടപടികൾ എത്രതന്നെയായാലും അതു നടപ്പാക്കാം എന്നു ഉറപ്പുനൽകിക്കൊണ്ട് മറുപടി നൽകിയിരുന്നു. എന്നാൽ തുടർ നടപടികൾ ഉണ്ടായില്ല.

ii) 2020 മാർച്ച് 31 ശ്രീമതി ബി. ഷൈലജ സർവ്വീസിൽ നിന്നു വിരമിച്ചു. 2020 നവംബർ 11 നാണു ബി. ഷൈലജയെ പ്രിൻസിപ്പൽ സ്ഥാനത്തുനിന്ന് തരംതാഴ്ത്തണമെന്ന് നിർദ്ദേശിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് ലഭിക്കുന്നത്. സർവ്വീസിൽ നിന്നു വിരമിച്ച ജീവനക്കാരിയെ തരംതാഴ്ത്തുന്നതിനു നിലവിലെ സർവ്വീസ് നിയമങ്ങൾ മാനേജർക്ക് അധികാരം നൽകുന്നില്ല. പ്രസ്തുത ഉത്തരവിൻ പ്രകാരം നിയമവിരുദ്ധമായി പ്രിൻസിപ്പൽ എന്ന നിലയിൽ ശ്രീമതി. ബി. ഷൈലജ കൈപ്പറ്റിയ അധിക ആനുകൂല്യങ്ങൾ തിരിച്ചു പിടിക്കാനും നിർദ്ദേശമുണ്ട്. എന്നാൽ ഈ തുക കണക്കാക്കി അത് പരാതിക്കാരിയിൽ നിന്നും ഈടാക്കുന്നതിനുള്ള അധികാരം റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറിൽ നിക്ഷിപ്തമാണ്. അതുകൊണ്ടു തന്നെ ടി ഉത്തരവിൻ പ്രകാരമുള്ള മേൽ നടപടികൾ സ്വീകരിക്കേണ്ടത് സർക്കാരും ഹയർ സെക്കന്ററി ഡയറക്ടറേറ്റുമാണെന്ന് മാനേജർ അറിയിച്ചു.

4. വിദ്യാഭ്യാസ അധികൃതർ സമർപ്പിച്ച റിപ്പോർട്ടുകൾ പ്രകാരം,

i) ശ്രീമതി.ഷൈലജ ബി. 27.08.1998 ൽ എച്ച്,എസ്.എസ്.റ്റി (ജൂനിയർ) ആയി സർവ്വീസിൽ പ്രവേശിക്കുകയും തുടർന്ന് 15.07.1999 ൽ അപ്ഗ്രഡേഷൻ ലഭിക്കുകയും ചെയ്തു. 08.10.2010 മുതൽ പ്രിൻസിപ്പൽ ആയി പ്രൊമോഷൻ ലഭിച്ചു. തുടർന്ന് 08.10.2012 ൽ മാനേജർ ടിയാൾക്ക് പ്രൊബേഷൻ ഡിക്ലയർ ചെയ്ത് നൽകിയിട്ടുള്ളതുമാണ്. എന്നാൽ ടിയാളുടെ സേവനപുസ്തകം പരിശോധിച്ചതിൽ വകുപ്പുതല പരീക്ഷകൾ പാസ്സായതായി രേഖപ്പെടുത്തിയിട്ടില്ല. ആയതിന് മാനേജരോട് വിശദീകരണം ആവശ്യപ്പെടുകയും മാനേജർ ലഭ്യമാക്കിയ വിശദീകരണത്തിൽ ടിയാൾ നിരീക്ഷണ കാലയളവിൽ പാസ്സാക്കേണ്ട വകുപ്പുതല പരീക്ഷകൾ ജയിച്ചതായി സേവന പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല എന്നും പരീക്ഷ പാസാകാതെ നിരീക്ഷണ കാലയളവ് പൂർത്തിയാക്കിയതായി പ്രഖ്യാപിച്ചതിൽ വീഴ്ച സംഭവിച്ചു എന്നും അറിയിച്ചിരുന്നു.

ii) 19/10/2020 തീയതിയിലെ ഹയർസെക്കന്ററി ഡയറക്ടറുടെ കത്ത് പ്രകാരം ടെസ്റ്റ് പാസാകാതെ പ്രൊബേഷൻ ഡിക്ലയർ ചെയ്ത മാനേജരുടെ നടപടി ചട്ടവിരുദ്ധമാണെന്നും എയ്ഡഡ് സ്കൂൾ അദ്ധ്യാപകർക്ക് KS&SSR ബാധകമല്ലാത്തതിനാൽ, ടിയാരിക്ക് 50 വയസ്സ് പൂർത്തിയായത് പരിഗണിച്ച് വകുപ്പുതല പരീക്ഷകൾ പാസാകുന്നതിൽ നിന്ന് ടിയാരിയെ ഒഴിവാക്കാനാകില്ലെന്നും അറിയിച്ചിട്ടുണ്ട്. കൂടാതെ ടിയാരി നാളിതുവരെ വകുപ്പുതല പരീക്ഷ പാസാകാത്തതിൽ ടിയാരിയെ എച്ച്.എസ്.എസ്.റ്റി തസ്തികയിലേക്ക് റിവർട്ട് ചെയ്തിട്ട് പ്രിൻസിപ്പൽ തസ്തികയിൽ അനർഹമായി കൈപ്പറ്റിയ തുക ടിയാരിയുടെ DCRG യിൽ നിന്ന് തിരിച്ച് പിടിക്കേണ്ടതാണെന്നും ടിയാരിക്ക് എച്ച്.എസ്.എസ്.റ്റി തസ്തികയിൽ അർഹമായ ഗ്രേഡ് അനുവദിക്കാമെന്നും അറിയിച്ചിരിക്കുന്നു. അപ്രകാരം അധികമായി കൈപ്പറ്റിയ തുക തിരിച്ചടക്കുവാനും ഗ്രേഡിനുള്ള അപേക്ഷകൾ സമർപ്പിക്കുന്നതിനുമായി ആർ.ഡി.ഡി. മാനേജർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

iii) ടിയാരിക്ക് 2012 മുതൽ തന്നെ വിവിധ ഓഫീസുകളിൽ നിന്നും ഇൻക്രിമെന്റ് നൽകി വരികയും ആർ.ഡി.ഡി പ്രസ്തുത വിഷയം കണ്ടെത്തുകയും ചെയ്തതിനെ തുടർന്നാണ് ടിയാരിയുടെ ഇൻക്രിമെന്റ് തടഞ്ഞത്.

5. ഹിയറിങ്ങിൽ ഉന്നയിച്ച വാദഗതികളുടെയും വിദ്യാഭ്യാസ അധികൃതരുടെ റിപ്പോർട്ടിന്റെയും ബന്ധപ്പെട്ട ചട്ടങ്ങളുടെയും ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ പരാമർശം(1) റിവിഷൻ ഹർജി സർക്കാർ വിശദമായി പരിശോധിച്ചു. ഹയർസെക്കന്ററി സ്പെഷ്യൽ റൂൾ പ്രകാരം , Every person appointed to the category of Principal shall during the period of probation pass the Account test for Executive Officers or Account test (Lower) if he has not already passed. പരാതിക്കാരി വകുപ്പുതല പരീക്ഷ പാസ്സാവാതെ ടിയാരിയുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്ത നടപടി അംഗീകരിക്കാവുന്നതല്ല. അപ്രകാരം ടിയാരി

പ്രിൻസിപ്പൽ തസ്തിക നിയമനത്തിൽ തുടർന്നതും അനർഹമായാണ്. ആയതിനാൽ എച്ച്.എസ്.എസ്.റ്റി തസ്തികയിലേക്ക് ടിയാരിയെ റിവേർട്ട് ചെയ്ത് പ്രിൻസിപ്പൽ തസ്തികയിൽ അനർഹമായി കൈപ്പറ്റിയ തുക, ടിയാരിയുടെ ഡിസിആർജി (DCRG) യിൽ നിന്ന് തിരിച്ച് പിടിക്കാനും ടിയാരിക്ക് എച്ച്.എസ്.എസ്.റ്റി തസ്തികയിൽ അർഹമായ ഗ്രേഡ് അനുവദിക്കാനും ടിയാരിയ്ക്ക് മറ്റ് പെൻഷൻ ആനുകൂല്യങ്ങൾ അടിയന്തിരമായി വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കാനും പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകി പരാമർശം(1) റിവിഷൻ ഹർജി തീർപ്പാക്കിയും അപ്രകാരം പരാമർശം(2) വിധിന്യായം നടപ്പിലാക്കിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റജിലാ ബീവി.എസ്
ഡെപ്യൂട്ടിസെക്രട്ടറി

പൊതു വിദ്യാഭ്യാസ ഡയറക്ടർ, ഹയർ സെക്കണ്ടറി വിഭാഗം, തിരുവനന്തപുരം.
റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, ഹയർ സെക്കണ്ടറി വിദ്യാഭ്യാസം,ചെങ്ങന്നൂർ
മാനേജർ, നായർ സമാജം ഹയർ സെക്കണ്ടറി സ്കൂൾ, നെടുമുടി പി ഒ, ആലപ്പുഴ - 688503
പ്രിൻസിപ്പാൾ, നായർ സമാജം ഹയർ സെക്കണ്ടറി സ്കൂൾ, നെടുമുടി പി ഒ, ആലപ്പുഴ - 688503
ശ്രീമതി. ഷൈലജ ബി, നന്ദു ഹൗസ്, നെടുമുടി പി ഒ, ആലപ്പുഴ - 688503
അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by Shajahan S
Date: 11-01-2022 14:45:54
Reason: Approved
സെക്ഷൻ ഓഫീസർ